**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3418 **08.11.2019 ൽ** മറുപടിക്ക്

## തെരുവ് നായ്ക്കളുടെ ആക്രമണവുമായി ബന്ധപ്പെട്ടുള്ള കരുതലും സഹായവും

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി** | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | തെരുവ് നായ്ക്കളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും സർക്കാർ/സ്വകാര്യ ആശുപത്രികളിൽ റിപ്പോർട്ട് ചെയ്ത കേസുകൾ എത്ര; ഇവർക്ക് എന്ത് സഹായം നൽകി വരുന്നു; വിശദമാക്കാമോ; | ഈ സർക്കാരിന്റെ കാലയളവിൽ, തെരുവ് നായ്ക്കളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ചുവടെ പറയുംവിധം കേസുകൾ ആശുപത്രികളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**വർഷം** — **ചികിത്സ തേടിയവരുടെ എണ്ണം**<br>2016 — 91,833<br>2017 — 1,51,237<br>2018 — 1,66,983<br>2019 — 1,34,253<br><br>റിട്ട.ജസ്റ്റിസ് സിരിജഗൻ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ആക്രമണത്തിന് ഇരയായവർക്ക് ധനസഹായം നൽകിവരുന്നുണ്ട്. |
| ബി | ഈ വിപത്തിൽപ്പെട്ടവരെ സഹായിക്കാനായി ഓരോ വർഷവും ചെലവാക്കിയ തുക എത്രയെന്ന് വിശദമാക്കാമോ; | തെരുവുനായ ആക്രമണത്തിന് ഇരയായവർക്ക് 2016-17 ൽ **Rs.9,34,011/-**, 2017-18 **ൽ Rs.38,52,293/-**, 2018-19 ൽ **Rs.1,61,39,531/-**, 2019-20 ൽ **Rs.44,29,176/-** എന്നിങ്ങനെ തുക ചെലവാക്കിയിട്ടുണ്ട്. |
| സി | ഇത്തരം ആക്രമണം നടത്തുന്ന തെരുവ് നായകളെ വന്ധ്യംകരണത്തിന് വിധേയമാക്കാനും രോഗ ബാധിതരായിട്ടുള്ളവയെ നശിപ്പിക്കാനുമായി വകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | തെരുവ് നായ നിയന്ത്രണത്തിന് കൈക്കൊള്ളാവുന്ന ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം എബിസി പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, കുടുംബശ്രീ ജില്ലാമിഷനുമായി ചേർന്ന്, തുക വകയിരുത്തി, നടപ്പിലാക്കി വരുന്നുണ്ട്. കുടുംബശ്രീയുടെ മൈക്രോ എൻറർപ്രൈസ് (എം.ഇ) യൂണിറ്റുകൾ തെരുവുനായ്ക്കളെ പിടികൂടി അതത് വെറ്ററിനറി ആശുപത്രികളിൽ എത്തിച്ച് കുടുംബശ്രീ എംപാനൽ ചെയ്ത വെറ്ററിനറി ഡോക്ടർ പരിശോധിച്ച ശേഷം |

| | | |
|---|---|---|
| | | അനുയോജ്യമായ നായ്ക്കളെ മാത്രം ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ശസ്ത്രക്രിയാനന്തരം അവയെ പരിപാലിക്കുകയും രോഗാവസ്ഥയിലുള്ളവയെ ചികിത്സിച്ച് ഭേദമാക്കി തിരിച്ച് വിടുകയും ചെയ്യുന്നു.<br><br>നിലവിൽ എബിസി പദ്ധതി കാര്യക്ഷമമാക്കുന്നതിനും പരിസര ശുചിത്വം പാലിക്കുന്നതിനും അതിലൂടെ മാലിന്യം അലക്ഷ്യമായി കൈയ്യൊഴിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിലൂടെ തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ വളർത്തുനായ്ക്കൾക്ക് ലൈസൻസ്, പേവിഷബാധ നിയന്ത്രിക്കുന്നതിന് വാക്സിനേഷൻ എന്നിവ നിർബന്ധമാക്കുകയും, ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക യൂണിവേഴ്സിറ്റിയിൽ ഡോ.നാരായണന്റെ നേതൃത്വത്തിൽ നടക്കുന്ന തെരുവുനായ വന്ധ്യംകരണ പരിപാടിയായ ഇ.എൻ.ഡി.(Early Neutering Dogs) എന്ന തെരുവ് നായ്ക്കളെ വളരെ ചെറുപ്രായത്തിൽ തന്നെ പിടികൂടി വന്ധ്യംകരിക്കുന്ന പദ്ധതി വഴി വളരെ ചെറുപ്രായത്തിൽ തെരുവ് നായ്ക്കളെ പിടികൂടുന്നതിലൂടെ അവയെ വന്ധ്യംകരിക്കുന്ന പ്രക്രിയ ഫലപ്രദമായി നടപ്പാക്കാനാവുമെന്നുള്ളതിനാൽ എൽ.എസ്.ജി.ഡി. കുടുംബശ്രീയുമായി സഹകരിച്ച് നിലവിൽ നടപ്പിലാക്കി വരുന്ന എബിസി പ്രോഗ്രാമിനോടൊപ്പം ഇ.എൻ.ഡി. പദ്ധതി, വാർഷിക പദ്ധതി മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തി സുഗമമായി നടപ്പിലാക്കി തെരുവുനായ ശല്യം നിയന്ത്രിക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| ഡി | ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഇത്തരത്തിൽ എത്ര എണ്ണത്തെ വന്ധ്യംകരിച്ചു എന്നും എത്ര എണ്ണം രോഗബാധിതരായ നായ്ക്കളെ നശിപ്പിച്ചുവെന്നും വ്യക്തമാക്കാമോ; | ഈ സർക്കാർ കാലയളവിൽ നാളിതുവരെ 1,22,684 തെരുവ് നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. വന്ധ്യംകരണത്തോടൊപ്പം പേ വിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്പും നൽകി വരുന്നുണ്ട്. യുത്തനേഷ്യ (ദയാവധം) നാളിതുവരെ നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| ഇ | പ്രസ്തുത വിപത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കാൻ ഒരു നിയമ നിർമ്മാണമോ കോടതികളിലൂടെ സുരക്ഷ ഉറപ്പാക്കൽ നടപടികൾ സ്വീകരിക്കാനോ ഉള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എ.ബി.സി.പ്രോഗ്രാം നിലവിൽ ഫലപ്രദമായി നടപ്പിലാക്കി-വരുകയാണ്. കൂടാതെ, തെരുവുനായ സംരക്ഷണത്തി-ലേർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകൾ സർക്കാരിനെ സമീപിക്കുകയും സംഘടനകളുടെ അപേക്ഷ പരിഗണിച്ച് 2001-ലെ അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിലെ ചട്ടം 6(2), (3) പ്രകാരം തെരുവുനായ സംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന അനിമൽ |

| | | |
|---|---|---|
| | | വെൽഫെയർ ബോർഡിന്റെ അംഗീകാരമുള്ള സംഘടനകളെ എ.ബി.സി. പ്രോഗ്രാമിന് ചുമതലപ്പെടുത്തുന്നതിന് സർക്കാരിന്റെ 09.11.2018-ലെ ആർ.സി.3/422/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കുടുംബശ്രീ മിഷന്റെയും, മൃഗ സംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ തെരുവ് നായകളുടെ വന്ധ്യംകരണം നടത്തുന്ന പരിപാടി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എ.ബി.സി. ചട്ടം-4 പ്രകാരമുള്ള മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.. നിലവിൽ വളർത്തുനായ്ക്കൾക്ക് ലൈസൻസിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. അതോടൊപ്പം മൃഗപരിപാലന രംഗത്തും തെരുവുനായ്ക്കളെ വന്ധ്യംകരിച്ച് സംരക്ഷിക്കുന്ന കാര്യത്തിലും മികവ് പുലർത്തുന്ന കേന്ദ്ര അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരമുള്ള കോവളം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ട്രീറ്റ് ഡോഗ് വാച്ച് അസോസിയേഷൻ എന്ന സംഘടനയെ എ.ബി.സി. പദ്ധതിയ്ക്ക് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**